568765

**D 111902** **(Pages : 2)** **Name..................................**

**Reg. No...............................**

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2024

B.A./B.Sc.

Malayalam

MAL 3A 09—മലയാള സാഹിത്യം - 3

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 'കല്ല് ദേവിയായിക്കഴിഞ്ഞു. അപ്പോൾ ആശാരി തീണ്ടാപ്പാടകലെ'–ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

2 പാശ്ചാത്യ നാടകവേദിയുടെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം ?

3 ദാമ്പത്യജീവിതത്തിന്റെ മധുരിമ ചുണ്ടിലൂറിക്കൊണ്ടിരിക്കെ ആ പാനപാത്രം എന്നിൽ നിന്നു വീണു തകർന്നു–സന്ദർഭവും ആശയവും വിശദമാക്കുക.

4 രാജൻ കാക്കനാടൻ ഹിമാലയൻ യാത്രയുടെ പ്രാധാന്യത്തെ മനസ്സിലാക്കുന്നത് എങ്ങനെയാണ് ?

5 കണ്ണന്റെയും കുഞ്ഞിക്കാവിന്റെയും പ്രണയം സമൂഹത്തിൽ ഉയർത്തിയ അസ്വസ്ഥതകൾ എന്തെല്ലാം ?

6 കലാസൃഷ്ടിയിൽ പ്രചോദനത്തിനുള്ള പങ്ക് വ്യക്തമാക്കുക.

7 പ്രാദേശിക തലത്തിൽ നാടകവേദിക്കുള്ള തനത് നാടക സംസ്കാരങ്ങൾ എന്തെല്ലാമാണെന്നാണ് വയലാ വാസുദേവൻപിള്ള അഭിപ്രായപ്പെടുന്നത് ?

8 'സാമൂഹിക സംവിധാനത്തിന്റെ അച്ചുതണ്ടായ പുരുഷാധിപത്യത്തിന്റെ ബലിയാടുകളാണ് അബലകൾ –സന്ദർഭവും ആശയവും വിശദമാക്കുക.

9 ആരാണ് നാഗസ്വാമികൾ ?

10 'ഞാനാര് ? എവിടെ നിന്ന് എങ്ങോട്ട് ? അവസാനിക്കാത്ത ഈ വേഷങ്ങൾ എന്തിന് ? ആരുടെ ചിന്ത? സന്ദർഭം എഴുതുക.

11 'പശ്ചാത്താപം പ്രായശ്ചിത്തമല്ല – ചെയ്ത ക്രൂരതകളുടെ ആഗ്നേയശക്തിയെ കെടുത്തുവാൻ മൃദുലമായ ആവരണം'–സന്ദർഭമേത് ?

12 ജീവിതത്തിലെ വെറുതേ ഇരിക്കലുകൾ വി.ടി.യിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

**Turn over**

568765

568765



13 'ഇനി തന്തമാർ മക്കളിൽ നിന്നും കളി പഠിക്കണം അല്ലേ പെരുന്തച്ചോ' ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

14 'പാലൂട്ടിപ്പോറ്റിയവർക്ക് കണ്ണീരു പകരം കൊടുത്ത പഹയൻ'–ആരുടെ വിമർശനം ? സന്ദർഭമെഴുതുക.

15 'മനുഷ്യമനസ്സുകൾ മറച്ചു പിടിക്കുവാൻ തത്രപ്പെടുന്ന നടനാണ് ഭരതവാക്യത്തിലെ നായകസ്ഥാനത്ത് അടയാളപ്പെട്ടത്'–ആശയം വിശദമാക്കുക.

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 ഭാരതീയ നാടകപാരമ്പര്യം ചുരുക്കി എഴുതുക.

17 വിശ്വാസപ്രമാണങ്ങൾക്ക് നേരെ ഉയർത്തിയ മറ്റ് വെല്ലുവിളികൾക്ക് മുന്നിൽ പെരുന്തച്ചൻ മകന്റെ ഘാതകനാകുന്നു–വിലയിരുത്തുക.

18 'യുഗാന്തരങ്ങളായി അവിടെ അവതരിപ്പിക്കപ്പെടുന്ന ആ നിത്യനാടകം ഏതാണ് ? ആരൊക്കെയാണ് അതിലെ കഥാപാത്രങ്ങൾ ? വിശദമാക്കുക.

19 'നടൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

20 കോളേജ് പൂട്ടി നാട്ടിലേക്ക് മടങ്ങുന്ന പി.യുടെ പാപബോധങ്ങളെ മുറിവേൽപ്പിക്കുന്ന കഥാപാത്രങ്ങൾ ആരെല്ലാം ? വിശദമാക്കുക.

21 ജീവിച്ചിരിക്കുന്ന ഭാര്യ മൺമറഞ്ഞുപോയ ഭർത്താവിന് നൽകുന്ന പ്രേമോപഹാരമാണ് 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന കൃതി–വിലയിരുത്തുക.

22 ജീവിതാനുഭവങ്ങൾ വി.ടി.യെ സാമൂഹിക നവോത്ഥാനത്തിന്റെ നടുനായകത്വത്തിലേക്ക് എത്തിക്കുകയാണ് ഉണ്ടായത്–കൃതിയെ മുൻനിർത്തി വിലയിരുത്തുക.

23 മലയാള സിനിമയുടെ വികാസപരിണാമങ്ങൾ ചുരുക്കിയെഴുതുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി മാർക്ക് 20.

24 മലയാള സാഹിത്യരംഗത്ത് ആത്മകഥ, ജീവചരിത്രം എന്നീ സാഹിത്യമേഖലകൾ വഹിച്ച പങ്ക് വിശദമാക്കുക.

25 ആത്മീയതയുടെയോ ഭൗതികതയുടെയോ വേർതിരിച്ചുള്ള അടയാളപ്പെടുത്തലുകൾക്ക് വിധേയമാകാത്ത ഒരു സ്വതന്ത്ര രചനയാണ് ഹിമവാന്റെ മുകൾത്തട്ടിൽ–പരിശോധിക്കുക.

26 രംഗാവിഷ്കാരം, സംവിധാനം എന്നീ ഘടകങ്ങളുടെ പ്രാധാന്യം നാടകം, സിനിമ എന്നീ വ്യത്യസ്ത കലാരൂപങ്ങളെ മുൻനിർത്തി പരിശോധിക്കുക.

27 മനുഷ്യമനസ്സിന്റെ പാപബോധചിന്ത ഭരതവാക്യം എന്ന നാടകത്തിന്റെ പ്രമേയത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു ?

(20 marks)

568765

568765

**D 111902-A** **(Pages : 4)** **Name.......................................**

**Reg. No...................................**

**THIRD SEMESTER (CBCSS–UG) DEGREE EXAMINATION**
**NOVEMBER 2024**

B.A./B.Sc.

Malayalam

MAL 3A 09—മലയാള സാഹിത്യം - 3

(2019–2023 Admissions)

(Multiple Choice Questions for SDE Candidates)

| **Time : 15 Minutes** | **Total No. of Questions : 20** | **Maximum : 20 Marks** |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

568765

568765



MAL 3A 09—മലയാള സാഹിത്യം - 3

(Multiple Choice Questions for SDE Candidates)

1. ജി. ശങ്കരപിള്ള കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ സ്കൂൾ ഓഫ് ഡ്രാമ സ്ഥാപിച്ച വർഷം :

   (A) 1975. (B) 1974.

   (C) 1977. (D) 1984.

2. 'നിധിയും നീതിയും' എന്ന കുട്ടികൾക്കു വേണ്ടിയുള്ള നാടകം രചിച്ചതാര് ?

   (A) ജി. ശങ്കരപ്പിള്ള. (B) സിപ്പി പള്ളിപ്പുറം.

   (C) മാലി. (D) വയലാ വാസുദേവൻപിള്ള.

3. ഭരതവാക്യം നാടകത്തിൽ ഈ ലോകത്തേക്ക് ഞാൻ ഏകനായാണ് വന്നത് ഏകനായ് തന്നെ പോകാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞതാര് ?

   (A) മിത്രം. (B) നടി.

   (C) നടൻ. (D) രാത്രിഞ്ചരൻ.

4. വയലാ വാസുദേവൻപിള്ള സ്ഥാപിച്ച നാടകസമിതി :

   (A) കെ.പി.എ.സി. (B) സുവർണ്ണരേഖ.

   (C) കളരി. (D) മണപ്പുറം തിയേറ്റേഴ്സ്.

5. തനതു നാടകത്തിൽ സവിശേഷമായി ഉപയോഗിക്കപ്പെടുന്ന പാരമ്പര്യത്തിലൂന്നിയുള്ള ഗ്രാമീണ അനുഷ്ഠാന കലയേത് ?

   (A) കൂടിയാട്ടം. (B) കഥകളി.

   (C) തിറയാട്ടം. (D) കൃഷ്ണനാട്ടം.

6. വിശാലമായ അർത്ഥത്തിൽ അധിനിവേശത്തിനെതിരെയുള്ള ചെറുത്തുനിൽപ്പാണ് തനതുനാടകം എന്നഭിപ്രായപ്പെട്ടത് :

   (A) വയലാ വാസുദേവൻപിള്ള. (B) നെടുമുടി വേണു.

   (C) മുരളി. (D) കെ.ടി. മുഹമ്മദ്.

7. ദേശീയ അവാർഡിനർഹമായ നീലക്കുയിൽ എന്ന മലയാള സിനിമ പുറത്തിറങ്ങിയ വർഷം :

   (A) 1952. (B) 1950.

   (C) 1947. (D) 1954.

568765

568765



8. അടൂർ ഗോപാലകൃഷ്ണന്റെ ആദ്യ സിനിമ :

(A) എലിപ്പത്തായം. (B) നാലു പെണ്ണുങ്ങൾ.

(C) സ്വയംവരം. (D) മതിലുകൾ.

9. ആധുനിക സിനിമയിലെ അനർഘ രത്നമെന്ന് വിലയിരുത്തപ്പെട്ട 'വീക്കെൻഡിന്റെ സംവിധായകനാര് ?

(A) ഫെല്ലിനി. (B) അലൻറെനെ.

(C) ഗോദാർദ്. (D) യാൻനെമക്ക്.

10. വ്യാഴവട്ട സ്മരണകൾ എഴുതിയത് ആര് ?

(A) കടത്തനാട്ട് മാധവിയമ്മ. (B) ബി. കല്യാണിയമ്മ.

(C) മിസ്സിസ് എം.പി. പോൾ. (D) റോസി തോമസ്.

11. 'ആമേൻ' എന്നത് ഏതു വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതിയാണ് ?

(A) ജീവചരിത്രം. (B) ആത്മകഥ.

(C) സ്മരണകൾ. (D) കഥ.

12. 'ഇനി നമുക്ക് അമ്പലം തീ കൊളുത്തുക' എന്ന ലഘുലേഖ എഴുതിയത് :

(A) ഈച്ചരവാരിയർ. (B) രാജൻ കാക്കനാടൻ.

(C) വി.ടി. ഭട്ടതിരിപ്പാട്. (D) എം.ടി. വാസുദേവൻ നായർ.

13. 'കെടാത്ത തീനാളങ്ങൾ' ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

(A) കർമ്മവിപാകം. (B) ദക്ഷിണായനം.

(C) കണ്ണീരും കിനാവും. (D) ജീവിതസ്മരണകൾ.

14. പുഷ്പഗോപുരം എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

(A) നിത്യകന്യകയെത്തേടി. (B) എന്നെ തിരയുന്ന ഞാൻ.

(C) കവിയുടെ കാല്പാടുകൾ. (D) സ്വപ്നസഞ്ചാരി.

15. റോസി തോമസിന് എത്ര വയസ്സുള്ളപ്പോഴാണ് സി.ജെ. തോമസിനെ പരിചയപ്പെടുന്നത് ?

(A) 18 വയസ്സുള്ളപ്പോൾ. (B) 16 വയസ്സുള്ളപ്പോൾ.

(C) 19 വയസ്സുള്ളപ്പോൾ. (D) 17 വയസ്സുള്ളപ്പോൾ.



568765

568765



16. സി.ജെ. തോമസ് എഴുതിയ ഒരു നാടകമാണ് ————.

    (A) അവൾ വീണ്ടും വരുന്നു. (B) അവൻ വീണ്ടും വരുന്നു.

    (C) അവർ വീണ്ടും വരുന്നു. (D) അവൻ വീണ്ടും വരും.

17. കരുതിവെച്ച ഒരിലച്ചോറ് ഏതുകൃതിയിൽ ഉൾപ്പെടുന്നു ?

    (A) ഓർമ്മക്കുറിപ്പുകൾ. (B) ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ.

    (C) ഓർമ്മപ്പൂക്കൾ. (D) ഒരച്ഛന്റെ ഓർമ്മകൾ.

18. രാജൻ ഉരുട്ടിക്കൊലകേസ് നടക്കുന്ന സമയത്ത് കേരളത്തിലെ ആഭ്യന്തരമന്ത്രി :

    (A) എ.കെ. ആന്റണി. (B) ഉമ്മൻ ചാണ്ടി.

    (C) കെ. കരുണാകരൻ. (D) കെ.എം. മാണി.

19. 'അമർനാഥ് ഗുഹയിലേക്ക്' എന്ന യാത്രാവിവരണകൃതി എഴുതിയതാര് ?

    (A) കാക്കനാടൻ. (B) രാജൻ കാക്കനാടൻ.

    (C) ജോർജ് ഓണക്കൂർ. (D) എം.പി. വീരേന്ദ്രകുമാർ.

20. ഭാഗീരഥിയും അളകനന്ദയും ഒന്നിച്ചു ചേരുന്ന സ്ഥലം :

    (A) രുദ്രപ്രയാഗ്. (B) ദേവപ്രയാഗ്.

    (C) ഗൗരികുണ്ഡ്. (D) കേദാർ.

568765